മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്. ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടു പ്രകാരം പിന്നോക്ക വിഭാഗങ്ങളുടെ നിയമനത്തിൽ ഉണ്ടായിട്ടുള്ള ബാക്ക്ലോഗ് ചുവടെ ചേർക്കുന്നു :

വിഭാഗം	തസ്തികകളിൽ വന്ന കുറവ്
ഈഴവ	5
മുസ്ലീം	7383
ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇന്ത്യൻ	4370
നാടാർ	2614
പരിവർത്തിത ക്രൈസ്തവർ	2290
വിശ്വകർമ്മ	147
ധീവര	1256
മറ്റു പിന്നോക്ക വിഭാഗം	460
ആകെ	18525

(ബി) ഉണ്ട്. ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2006-ൽ പുറപ്പെടുവിച്ച സ.ഉ.(പി)നമ്പർ 8/06/പജപവവിവ. പ്രകാരം സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണം കാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. പിന്നോക്ക സമുദായങ്ങൾക്ക് ഇതുവരെ ഉണ്ടായിട്ടുള്ള സംവരണക്കുറവുകൾ എപ്രകാരം പരിഹരിക്കാമെന്ന് വ്യവസ്ഥകളൊന്നുമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊഴികെ മറ്റൊരു സംവരണ സമുദായത്തിനും ഉദ്യോഗ നിയമനത്തിലെ സംവരണക്കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നിലവിൽ നിയമമില്ല.

പെട്രോൾ പമ്പുകൾ പരിശോധിക്കാൻ സ്ക്വാഡുകൾ

16 (*616) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ എന്നിവയുടെ അളവിൽ പെട്രോൾ പമ്പുകളിൽ വ്യാപകമായി കൃത്രിമം നടക്കുന്നത് കണ്ടെത്താൻ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകൾ എടുത്തു ; എത്ര പെട്രോൾ പമ്പുകൾക്കെതിരെ നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ ;

(സി) പരാതി ലഭിച്ചില്ലെങ്കിലും മാസത്തിലൊരിക്കൽ ഓരോ പെട്രോൾ പമ്പും സന്ദർശിക്കുന്ന തരത്തിൽ സ്ക്വാഡ് പ്രവർത്തനം വിപുലീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) പെട്രോൾ, ഡീസൽ എന്നിവയുടെ അളവിൽ പെട്രോൾ പമ്പുകളിൽ കൃത്രിമം നടത്തുന്നത് കണ്ടെത്താൻ ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും അസിസ്റ്റന്റ് കൺട്രോളർമാരുടെ നേതൃത്വത്തിൽ 11 ഫ്ളയിംഗ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു ജില്ലകളിലെ അസിസ്റ്റന്റ് കൺട്രോളർമാരും പരിശോധന നടത്തുന്നുണ്ട്. ഈ സ്ക്വാഡുകൾ അവരുടെ അധികാര പരിധിയിൽ വരുന്ന പെട്രോൾ പമ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളിലും തുടർച്ചയായി പരിശോധനകൾ നടത്തിവരുന്നു. കൂടാതെ വകുപ്പിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും പുനഃപരിശോധനാ ജോലികൾ ഇല്ലാത്ത സമയത്ത് സംഘങ്ങളായി ചേർന്ന് മിന്നൽ പരിശോധനകളും നടത്തി വരുന്നു. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളും മറ്റ് പരിശോധനകൾക്കൊപ്പം പെട്രോൾ പമ്പുകളിലും പരിശോധന നടത്താറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2010 ജൂൺ മാസം വരെ 905 പെട്രോൾ പമ്പുകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള പരിശോധനാ സംവിധാനം ഉപയോഗപ്പെടുത്തി എല്ലാ മാസവും പരമാവധി പെട്രോൾ പമ്പുകളിൽ പരിശോധനകൾ നടത്തി വരുന്നു.

ഭവനനിർമ്മാണ ബോർഡിന്റെ വിൽക്കാതെ കിടന്നിരുന്ന ഫ്ളാറ്റുകൾ വിൽക്കുന്നതിന് സ്വീകരിച്ച നടപടികൾ

17 (*617) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണ ബോർഡിൽ നിലവിലുണ്ടായിരുന്ന അലോട്ട്മെന്റ് വ്യവസ്ഥകൾ ഒഴിവാക്കി പൊതുലേലത്തിലൂടെ പ്ലോട്ടുകൾ വില്പന നടത്തുന്ന സമ്പ്രദായം ഏർപ്പെടുത്തിയതുമൂലം, ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly